# അടച്ചു കളഞ്ഞ വാതിലുകൾ തുറന്നിടണം

**ഒരു** ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നവർ ഇനിയും വളരെയേറെ വളരേണ്ടിയിരിക്കുന്നുവെന്ന തിരിച്ചറിവ് നൽകുന്നതാണ് 'മതാത്മക ബഹുസ്വരത-തത്ത്വവും സമീപനവും' എന്ന അബ്ദുൽ ഹകീം നദ്‌വിയുടെ ലേഖനം (ലക്കം 36). ചരിത്രപരമായ കാരണങ്ങളാൽ നാം അകപ്പെട്ടുപോയ സാമുദായിക സങ്കുചിത വലയം ഭേദിച്ചു പുറത്തുവരിക എന്നതാണ് കാലം നമ്മോടാവശ്യപ്പെടുന്ന അനിവാര്യ ബാധ്യത. "നിങ്ങളുടെ കൈയിൽ ദൈവത്തിന്റെ സമ്മാനമുണ്ട്. അതുമായി നിങ്ങൾ ജനങ്ങളിലേക്ക് ഇറങ്ങണം. ഇസ്‌ലാമിന്റെ സ്നേഹം, കാരുണ്യം, സൗഹാർദം, ദയ..... ഇതൊക്കെ ജനങ്ങൾക്ക് അനുഭവിച്ചറിയാൻ അവസരം ഉണ്ടാക്കണം. എന്തുകൊണ്ട് നിങ്ങൾ ജനങ്ങളിലേക്കിറങ്ങുന്നില്ല. സമൂഹവുമായി ബന്ധം സ്ഥാപിക്കുന്നില്ല? നിങ്ങളുടെ സന്ദേശം ജനങ്ങളുമായി പങ്കുവെക്കുന്നില്ല?" പ്രശസ്ത കഥാകാരി കമലാ സുറയ്യയുടെ മകനും പ്രഗത്ഭ പത്രപ്രവർത്തകനുമായ എം.ഡി നാലപ്പാട്ട് നടത്തിയ ഗുണകാംക്ഷാനിർഭരമായ ഈ വിമർശം നമ്മുടെ മനസ്സാക്ഷിയെ തട്ടിയുണർത്താൻ പ്രചോദനമാവേണ്ടതാണ്.

മുസ്‌ലിം സമൂഹത്തിലെ ചില വിഭാഗങ്ങൾ വെച്ചുപുലർത്തുന്ന സങ്കുചിത വിഭാഗീയ സമീപനത്തിന് നേരെയുള്ള നാലപ്പാട്ടിന്റെ വിരൽചൂണ്ടൽ തങ്ങളെക്കുറിച്ചുള്ള ഒരു പുനർവായനക്ക് ബന്ധപ്പെട്ടവരെ പ്രേരിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ലേഖകന് ഉണ്ടായ ഒരനുഭവം ഇവിടെ കുറിക്കട്ടെ: "നിങ്ങളുടെ ഖുർആൻ, ഞങ്ങൾക്ക് പഠിക്കാൻ പാടില്ലേ?" ഒരു അമുസ്‌ലിം സഹോദരൻ സംശയനിവാരണത്തിന് ശ്രമിക്കുകയായിരുന്നു. നിങ്ങളുടെ ഖുർആൻ എന്ന് പറയുന്നത് തന്നെ അബദ്ധമാണ്. *ഹുദല്ലിന്നാസ്* (മനുഷ്യർക്ക് വേണ്ടിയുള്ള വഴികാട്ടി) എന്നാണ് ഖുർആൻതന്നെ അവകാശപ്പെടുന്നത്. പ്രവാചകനാവട്ടെ, *റഹ്മത്തുല്ലിൽ ആലമീൻ* (ലോകത്തിന്റെ മുഴുവൻ കാരുണ്യം) ആണ് താനും. "താങ്കൾ എന്താണ് ഇങ്ങനെ ചോദിക്കാൻ കാരണം?" ഞാൻ ആരാഞ്ഞു. രണ്ട് മുസ്‌ലിംകൾ ശണ്ഠ കൂടുന്നത് കണ്ടപ്പോൾ ഞാൻ പറഞ്ഞു: നിങ്ങൾ ക്ഷമിക്കൂ. ഇന്നല്ലാഹ മഅസ്സാബിരീൻ എന്നല്ലേ ഖുർആനിൽ പറയുന്നത്. ഇത് പറഞ്ഞപ്പോൾ, നീ അമുസ്‌ലിമല്ലേ, നിനക്ക് ഞങ്ങളുടെ ഖുർആൻ ഓതാൻ പാടുണ്ടോ? എന്ന് പറഞ്ഞ് അവർ എന്നോട് ദേഷ്യപ്പെട്ടു- അമുസ്‌ലിം സുഹൃത്ത് വിശദീകരിച്ചു. ഞാൻ അദ്ദേഹത്തെ ജമാഅത്ത് പ്രവർത്തകരുടെ മേൽനോട്ടത്തിലുള്ള ഒരു പള്ളിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. പള്ളിയിൽ കയറാൻ മടിച്ചുനിന്ന സുഹൃത്ത്, അമുസ്‌ലിംകളുടെ പള്ളിപ്രവേശത്തെക്കുറിച്ചും തെറ്റിദ്ധാരണയിലായിരുന്നു. സ്നേഹപൂർവം പള്ളിയിലേക്ക് സ്വാഗതം ചെയ്യുകയും ലൈബ്രറിയിൽനിന്നും ഖുർആൻ പരിഭാഷ അയാൾക്ക് വായനക്ക് നൽകുകയും ചെയ്തപ്പോൾ അദ്ദേഹം ഏറെ സന്തോഷവാനായി. "മുസ്‌ലിമാവാൻ മടിക്കുന്നവനെ കൊല്ലണമെന്ന കൽപന ഖുർആനിലില്ലേ?'' അമുസ്‌ലിം അഭ്യസ്തവിദ്യന്റെ ഈ സംശയനിവാരണത്തിന് ഖുർആൻ പരിഭാഷാ ഗ്രന്ഥം നൽകിക്കൊണ്ട് തന്നെയായിരുന്നു പ്രതിവിധി സ്വീകരിച്ചത്.

പ്രശസ്ത കവി ഒ.എൻ.വി കുറുപ്പ് വിശുദ്ധ ഖുർആന്റെ പദ്യാവിഷ്കാരം മലയാള ഭാഷയിൽ നിർവഹിക്കാൻ ശ്രമിച്ചപ്പോൾ, മുസ്‌ലിം സമൂഹത്തിൽനിന്നുമുണ്ടായ എതിർപ്പ് കാരണം പിന്തിരിഞ്ഞതായി അദ്ദേഹം എഴുതിയത് വായിച്ചതോർക്കുന്നു. പ്രശസ്ത ഗ്രന്ഥകാരൻ വാണിദാസ് എളയാവൂരിനെ ഖുർആൻ പഠിക്കാൻ പ്രേരിപ്പിച്ചത് സ്കൂൾ വിദ്യാഭ്യാസകാലത്ത് അടുത്തിരിക്കുന്ന മുസ്‌ലിം വിദ്യാർഥിയിൽനിന്നും ഖുർആൻ അറിയാതെ തൊട്ടുപോയതിന് അദ്ദേഹത്തിന് കിട്ടിയ മോശമല്ലാത്ത ശിക്ഷയാണെന്ന് അദ്ദേഹം തന്നെ എഴുതിയിട്ടുണ്ട്.

നബി(സ)യുടെ കാലത്ത് മുസ്‌ലിം-മുസ്‌ലിമേതര വ്യത്യാസമില്ലാതെ, ഉപയോഗിച്ചുവന്നിരുന്ന 'അസ്സലാമു അലൈക്കും' എന്ന ലോകോത്തര അഭിവാദന വാക്യം മുസ്‌ലിംകൾക്കിടയിൽ മാത്രം പരിമിതപ്പെട്ടുപോയത് ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്ന മാനവികതക്കും ഉദാരതക്കും കടകവിരുദ്ധമാണെന്ന തിരിച്ചറിവ് മുസ്‌ലിം സമൂഹത്തിന് ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ഗൾഫ് നാടുകളിൽ 'സലാം' ചൊല്ലുന്ന കാര്യത്തിൽ മതവിവേചനം ഇല്ലെന്നാണറിവ്.

ജൂത-ക്രൈസ്തവ-ബഹുദൈവ വിശ്വാസികൾ ഉൾപ്പെടെ, മതവിവേചനമന്യേ, വരികയും താമസിക്കുകയും സംഭാഷണങ്ങൾ നടത്തുകയും ചെയ്തിരുന്ന പ്രവാചകന്റെ മസ്ജിദുന്നബവിയുടെ ചരിത്രവും പാരമ്പര്യവും ഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനും അങ്ങനെ പള്ളിയെ സാംസ്കാരിക-അഭയ കേന്ദ്രവും കൂടിയാക്കി മാറ്റാനും ഇന്ന് മുസ്‌ലിം സമൂഹത്തിൽ എത്ര

പേർ മുന്നോട്ടുവരും? മരണാനന്തര ചടങ്ങുകളിൽ, മതവിവേചനം കൂടാതെ ഭാഗഭാക്കാകാൻ മുസ്‌ലിമേതര സമൂഹത്തിന് സന്ദർഭമൊരുക്കാൻ നമ്മുടെ എത്ര പള്ളിക്കമ്മിറ്റി ഭാരവാഹികൾ സന്നദ്ധമാവും? കമലാ സുറയ്യയുടെ ഖബ്‌റടക്കത്തോടനുബന്ധിച്ച് പള്ളിയിലും പരിസരത്തും നടന്ന മരണാനന്തര ചടങ്ങുകളിൽ തങ്ങൾക്കൊപ്പം ആദ്യന്തം പങ്കുചേരാൻ സുറയ്യയുടെ മക്കൾക്കും ബന്ധുക്കൾക്കും മറ്റും അനുവാദവും സന്ദർഭവും നൽകിയ പാളയം പള്ളി കമ്മിറ്റിയുടെ മാനവികതയിൽ അധിഷ്ഠിതമായ ഹൃദയ വിശാലത അനുധാവനം ചെയ്യാൻ നമ്മുടെ നാട്ടിലെ എത്ര പള്ളികൾക്കാവും? ഒരു ബഹുസ്വര സമൂഹത്തിലെ മുസ്‌ലിംകൾ തങ്ങളുടെ വിശ്വാസ പ്രമാണത്തിന്റെ നിർബന്ധ ബാധ്യതയായ സകാത്തും സ്വദഖയും മറ്റു സഹായ സഹകരണങ്ങളും സ്വന്തം സമുദായത്തിൽ പരിമിതപ്പെടുത്തുന്നതിന് പകരം, പൊതുസമൂഹത്തിലെ മൊത്തം ദാരിദ്ര്യ നിർമാർജനത്തിനും സാമ്പത്തിക സുസ്ഥിതിക്കും ഉപയോഗപ്പെടുംവിധമാണ് കൈകാര്യം ചെയ്യേണ്ടതെന്ന ഇസ്‌ലാമിന്റെ മാനവിക പാഠം വിസ്മരിക്കാൻ പാടില്ല.

**റഹ്മാൻ മധുരക്കുഴി**

# കണ്ണ് നനയിച്ച കഥ

**ഏപ്രിൽ** 24 ലക്കത്തിൽ പി. ഇബ്‌റാഹീം എഴുതിയ കഥ 'മൊബൈൽ' വായിച്ചു. "മുറിയിൽ ചിതറിയ മൊബൈൽ ഫോണിന്റെ കഷ്ണങ്ങൾക്കിടയിലേക്ക് അയാളുടെ രണ്ടിറ്റ് കണ്ണീർ വീണത് ആരും കണ്ടില്ല." ഇബ്‌റാഹീം, താങ്കൾ എന്റെ കണ്ണ് നനയിച്ചു. താങ്കളുടെ കഥ വികാര തീവ്രമാണ്. ഗൾഫിലെ കഷ്ടപ്പാടുകൾ ആലോചിക്കാതെ നാട്ടിലെ സുഖസൗകര്യങ്ങൾക്കു വേണ്ടി ആർത്തിപൂണ്ട ആയിരമായിരം ഭാര്യമാരുടെ കഥ. രക്തബന്ധം പണത്തിനു മീതെ അല്ല എന്നു വിചാരിക്കുന്ന സ്വന്തം രക്തത്തിൽ പിറന്ന മക്കളുടെ കഥ.

"വല്ലാത്ത ദാഹം തോന്നി. വെള്ളം ചോദിച്ചില്ല. അകത്തെ വെള്ള വിരിച്ച കട്ടിലിൽ അയാൾ കണ്ണടച്ചു കിടന്നു." എല്ലാ കഷ്ടപ്പാടുകളിൽനിന്നും മോചനം. ഒരിക്കലും ഉണരാത്ത ഉറക്കം.

ഈ കഥ കുറച്ചു കുടുംബങ്ങളുടെയെങ്കിലും കണ്ണു തുറപ്പിച്ചിരുന്നെങ്കിൽ!

**റസാഖ് വെള്ളക്കടവ്, തിരുവനന്തപുരം**

# ചെത്തുന്ന ഗൾഫ് ഗ്രാമങ്ങൾ

**കഴിഞ്ഞ** വർഷത്തെ ചെറിയ പെരുന്നാൾ രാത്രി നാദാപുരത്തിനടുത്ത ഒരങ്ങാടിയിൽ പത്തിരുപത്തഞ്ച് മുസ്‌ലിം യുവാക്കൾ അറബികളിടുന്ന നീള കുപ്പായം ധരിച്ച് പാട്ടു പാടി നൃത്തം വെക്കുകയും പടക്കം കത്തിച്ച് ഓടുന്ന ബസ്സിന്റെയും ലോറിയുടെയും അടിയിലേക്കെറിയുകയും ചെയ്തു. ആത്മ വിശുദ്ധിയുടെ ഒരു മാസം സമാപിക്കുന്ന രാത്രിയിലെ പേക്കൂത്തുകൾ കണ്ട് ഇതര സമുദായക്കാർ അത്ഭുതപ്പെട്ടു. തൊട്ടടുത്ത ചില പ്രദേശങ്ങളിൽ നട്ടപാതിരക്ക് ആയിരക്കണക്കിന് രൂപയുടെ പടക്കം പൊട്ടിച്ചത് അടിപിടിക്ക് കാരണമായി. മുഖ്യധാരാ മതസംഘടനകളോ ഏറെ സ്വാധീനമുള്ള സാമുദായിക രാഷ്ട്രീയ സംഘടനയോ ഇതൊക്കെ തടയാനോ പ്രതികരിക്കാനോ തയാറായില്ല.

ഗൾഫ് പോക്കറ്റുകളായി അറിയപ്പെടുന്ന മലബാറിലെ അനേകം മഹല്ലുകളിൽ കല്യാണത്തോടനുബന്ധിച്ച് നടക്കുന്ന അനാശാസ്യ പ്രവണതകൾ ഇതിനകം ചർച്ചാ വിഷയമായിട്ടുണ്ട്. പുതിയാപ്പിളയുടെ കൂട്ടുകാർ നടത്തുന്ന പേക്കൂത്തുകൾക്ക് പുറമെ, പലയിടത്തും തലേന്ന് രാത്രി ചെറുപ്പക്കാർക്ക് വേണ്ടി 'കുപ്പികൾ' പൊട്ടിക്കാറുണ്ട്. കല്യാണ വീട്ടിൽ വീഡിയോ പാടില്ലെന്ന് പറയുന്ന കമ്മിറ്റിക്കാരും നിക്കാഹിന് ഉച്ചഭാഷിണി കണ്ടാൽ പൊട്ടിത്തെറിക്കുന്ന ഉലമാക്കളും മേൽ പറഞ്ഞ കൊടിയ ഹറാമുകൾക്കെതിരെ ചുണ്ടനക്കാറില്ല.

ജ്വല്ലറിയും കല്യാണ മണ്ഡപവും ആശുപത്രിയുമായി കഴിയുന്ന 'മുത്ത് മുഅ്മിനീ'ങ്ങളുടെ സാംസ്കാരിക നിലവാരത്തെക്കുറിച്ച് മുഖ്യധാരാ മുസ്‌ലിം സംഘടനകൾ മൗനം പാലിക്കുന്നത് ഗുരുതരമായ കുറ്റമാണ്. അമവിയ്യാ -അബ്ബാസിയ കാലഘട്ടത്തിലെ ലൈബ്രറികളെക്കുറിച്ചും വ്യക്തികളുടെ പുസ്തകശേഖരങ്ങളെക്കുറിച്ചും നാം ഏറെ വാചാലരാകാറുണ്ട്. എന്നാൽ അതിസമ്പന്നമായ നമ്മുടെ ഗൾഫ് ഗ്രാമങ്ങളിലൊരിടത്തും പ്രസ്താവ്യമായ ഒരു ഗ്രന്ഥശാലയുമില്ല. സമുദായത്തിലെ വിവിധ സംഘടനകൾ പേരിന് നടത്തുന്ന റീഡിംഗ് റൂമുകൾ ഉണ്ടെങ്കിൽതന്നെ അതത് പാർട്ടിയുടെ സാഹിത്യം മാത്രം ഉള്ളതും, അടിയിലെ ചായപ്പീടികയിലെ പുക കൊണ്ട് ഏറെ നേരം ഇരിക്കാൻ പറ്റാത്തതുമായ അത്തരം അക്ഷര കേന്ദ്രങ്ങളിൽ ആൾ പെരുമാറ്റം തന്നെ കുറവായിരിക്കും.

പ്ലസ്ടുവും പാസ്പോർട്ടുമായി വിസ കാത്തിരിക്കുന്ന അണ്ടർറ്റ്വന്റി പയ്യന്മാരും ആറു മാസത്തെ ഒഴിവിന് ഗൾഫിൽ നിന്നെത്തുന്ന അവരുടെ സീനിയർമാരും സൃഷ്ടിക്കുന്ന 'പരിസ്ഥിതി പ്രശ്നങ്ങൾ' ചില്ലറയല്ല. മൊബൈൽ ഫോൺ മുതൽ പാന്റ്സ് പീസ് വരെ നൽകി സ്വാധീനിക്കുന്നതിനാൽ പോലീസ് ഉദ്യോഗസ്ഥന്മാരെ പേടിക്കേണ്ടതില്ല. മത-രാഷ്ട്രീയ നേതൃത്വമാകട്ടെ പള്ളിക്കും പാർട്ടിക്കും സംഭാ

വന നൽകുന്ന ഉറവകളായി മാത്രമേ ഇവരെ കാണുന്നുള്ളൂ. പണ്ഡിതന്മാരുടെ തലയും തലപ്പാവും വെച്ച് അടിച്ചിറക്കുന്ന അറബി-ഉർദു പേരുള്ള കാമ്പയിനുകളോ സമ്മേളനങ്ങളോ ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതേ ഇല്ല. ഏതെങ്കിലും ഗുണകാംക്ഷികൾ നടത്തുന്ന ക്ലാസ്സുകളിലോ ഉദ്ബോധന സദസ്സിലോ ആരെങ്കിലും കയറിപ്പോയാൽ ഉലമാക്കളും ഉമറാക്കളും ജാഗരൂകരായി അവരെ പിന്തിരിപ്പിക്കാൻ ഏതടവും പയറ്റും. ഇത്തരം അപമാനകരമായ അവസ്ഥ നിലനിൽക്കുമ്പോഴും നാദാപുരത്ത് നടന്നുവരുന്ന ഏക 'സാംസ്കാരിക പരിപാടി' സലഫിയും സഖാഫിയും എൽ.സി.ഡി വെച്ച് നടത്തുന്ന മുഖാമുഖം എടാ പോടാ വിളിയാണ്.

'നിങ്ങളുടെ കൂട്ടത്തിൽ വിവേകശാലികൾ ഇല്ലേ' എന്ന് പ്രവാചകൻ ലൂത്വിന്റെ ചോദ്യം ഉദ്ധരിക്കേണ്ടിവരുന്ന അവസ്ഥയിലാണ് നമ്മുടെ മഹല്ലുകൾ.

**എം.കെ ദോഹ**

## മൗദൂദിയുടെ ദീർഘദൃഷ്ടി

**സദ്റുദ്ദീൻ** വാഴക്കാടിന്റെ 'ജമാഅത്തെ ഇസ്ലാമി ചരിത്രത്തെ നയിച്ച വിധം' എന്ന ലേഖനം പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാനാഗ്രഹിക്കുന്ന വിജ്ഞാന കുതുകികൾക്ക് ഏറെ ഉപകാരപ്രദമാണ്. മൗദൂദിയുടെ രാഷ്ട്രീയ ദർശനങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ അപാരമായ അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയുടെയും ഉൾക്കാഴ്ചയുടെയും അടയാളങ്ങളായി അനുഭവപ്പെട്ടു. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പും പിമ്പും ആശയ സംഘട്ടനങ്ങളിൽ അദ്ദേഹം സ്വീകരിച്ച നിലപാടുകൾ ആ മഹാന്റെ ചിന്താമണ്ഡലത്തിന്റെ വ്യാപ്തി നമ്മെ ബോധ്യപ്പെടുത്തുന്നു. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ആഹ്വാനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടെങ്കിലും നമ്മുടെ ചരിത്ര പുസ്തകങ്ങളിൽ അദ്ദേഹത്തിന് അർഹമായ സ്ഥാനം ലഭിച്ചിട്ടുണ്ടോയെന്ന് സംശയമാണ്.

**മുഹമ്മദ് അയ്യൂബ് ജിദ്ദ**

## സദാചാരനിഷ്ഠ കളഞ്ഞുകുളിച്ച തലമുറ

**'ഉടയ്ക്കാതെ,** ഈ പളുങ്കു പാത്രം' എന്ന കെ.പി ഇസ്മാഈലിന്റെ കുറിപ്പ് (ഏപ്രിൽ 17) വായിച്ചു. നിത്യജീവിതത്തിൽ സദാചാര മുറകൾ പാലിക്കാത്തതുകൊണ്ട് ഈ ഹൈടെക് യുഗത്തിൽ യുവതലമുറ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ വിലയിരുത്തപ്പെടേണ്ടതാണ്. മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഒളികാമറ പോലെയുള്ളവയുടെ ഉപയോഗം യുവാക്കളിൽ വർധിച്ചുവരുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിലാണ് വലിയൊരു വിഭാഗം യുവാക്കൾ. സദാചാരമൂല്യങ്ങൾ ഉയർത്തിപിടിക്കേണ്ട മുസ്ലിം യുവാക്കൾ ഇതിലൊക്കെ മുൻപന്തിയിൽ തന്നെയുണ്ട്. ആഡംബര വീടുകളും കാറുകളുമെല്ലാം പുത്തൻതലമുറയെ സദാചാര നിഷ്ഠയിൽനിന്ന് പിറകോട്ട് വലിക്കുന്നു. യുവാക്കളെ ബോധവത്കരിക്കുന്ന സ്റ്റഡി ക്ലാസ്സുകൾ മഹല്ലുകൾ തോറും സംഘടിപ്പിച്ചാൽ കുറച്ചൊക്കെ മാറ്റം പ്രതീക്ഷിക്കാവുന്നതാണ്.

**പി.വി മുഹമ്മദ് ഈസ്റ്റ് മലയമ്മ**